പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4230

13.12.2018 - ൽ മറുപടിക്ക്.

**എറണാകുളം ജില്ലയിലെ വൻകിട-ചെറുകിട വ്യവസായ വ്യാപാര മേഖലയുടെ പുനരുജ്ജീവനം**

ചോദ്യം

ശ്രീ. ജോൺ ഫെർണാണ്ടസ്

മറുപടി

ശ്രീ. ഇ. പി. ജയരാജൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും
വകുപ്പ് മന്ത്രി).

(എ) എറണാകുളം ജില്ലയിൽ കഴിഞ്ഞ മഹാപ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെയും വൻകിട-ചെറുകിട വ്യവസായ വ്യാപാര മേഖലയുടെയും പുനരുജ്ജീവനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

(എ) : സംസ്ഥാനത്ത് കഴിഞ്ഞ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച എറണാകുളം ഉൾപ്പെടെയുള്ള എല്ലാ ജില്ലകളിലേയും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്ക് സഹായമാകുന്ന രണ്ട് സാമ്പത്തിക സഹായ പദ്ധതികൾ 2019-20 സാമ്പത്തിക വർഷത്തിലെ പദ്ധതി ആസൂത്രണത്തിൽ ഉൾപ്പെടുത്തുന്നതിനായി നൽകിയിട്ടുണ്ട്. അതോടൊപ്പം സംസ്ഥാന തല ബാങ്കേഴ്സ് കമ്മിറ്റി അംഗീകരിച്ച് നടപ്പിലാക്കുവാനായി ശുപാർശ ചെയ്തിട്ടുള്ള പുനർ വായ്പ പദ്ധതികൾ സംരംഭകരിലേക്ക് എത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. എറണാകുളം ജില്ലയിലെ പ്രളയബാധിത പ്രദേശങ്ങളിൽപ്പെട്ടതും ബാങ്കുകളിൽ നിന്ന് വായ്പയെടുത്തിട്ടുള്ളവരുമായ സംരംഭകർക്ക് ഒരു വർഷത്തെ പിഴപ്പലിശ ഒഴിവാക്കുകയും ആവശ്യകത പരിശോധിച്ച് ഒരു വർഷം വരെ മൊറോട്ടോറിയവും, വായ്പ തിരിച്ചടവ് കാലപരിധി പുനർനിർണയിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ വ്യവസായ വ്യാപാര മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി "പുനർജനി" എന്ന പേരിൽ ഒരു ധനസഹായ പാക്കേജിന് രൂപം കൊടുത്തിട്ടുണ്ട്. ഇപ്രകാരം 9% പലിശയ്ക്ക് 3 കോടി രൂപ വരെ ഹ്രസ്വകാല വായ്പ നൽകുകയും നിലവിലുള്ള ഹ്രസ്വകാല വായ്പയുടെ തിരിച്ചടവ് 3 വർഷമായി ഉയർത്തിയിട്ടുമുണ്ട്.

എറണാകുളം ജില്ലയിലെ പാലിയം തുരുത്ത്, മറവംതുരുത്ത്, കരിമ്പാടം, കരിമാല്ലൂർ, നോർത്ത് പറവൂർ എന്നീ

സ്ഥലങ്ങളിലെ ഖാദി യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി ജില്ലാ പഞ്ചായത്ത് 8 ലക്ഷം രൂപയുടെ പ്രത്യേക പദ്ധതി അനുവദിച്ചിട്ടുണ്ട്. സി.എസ്.ആർ. പദ്ധതി പ്രകാരം 30.30 ലക്ഷം രൂപയുടെ ധനസഹായവും അംഗീകരിച്ചിട്ടുണ്ട്.

കൈത്തറി വ്യവസായ മേഖലയിൽ എറണാകുളം ജില്ലയിൽ ചേന്ദമംഗലം പ്രദേശത്താണ് എറ്റവും കൂടുതൽ നാശനഷ്ടം സംഭവിച്ചത്. കേടുപാടുകൾ പറ്റിയ 255 തറികളിൽ 219 എണ്ണം ഇതുവരെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. പുനരുജ്ജീവന പ്രവർത്തനവുമായി ബന്ധപ്പെട്ട് രൂപീകരിച്ച മോണിറ്ററിങ് കമ്മിറ്റി 25/10/2018, 26/11/2018 തീയതികളിൽ യോഗം ചേർന്ന് തുടർപ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. കൊച്ചിൻ ഷിപ്പ് യാർഡ്, പെട്രോനെറ്റ് എൽ.എൻ.ജി എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ, വിവിധ സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ ധനസഹായത്താൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ.